

തിരുവിതാംകൊട്ടു സൎക്കാർ ഗസെറ്റ

PUBLISHED BY AUTHORITY EVERY TUESDAY.

ഉത്തരവിൻപ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു.

VOL. XLIV.] TRIVANDRUM, TUESDAY, September 4, 1906 / Avani 19, 1082. NO. 36

വാല്യം ൪൪ തിരുവനന്തപുരം ൧൯൦൬ സെപ്തംബർ ൪ / ൧൦൮൨ ചിങ്ങം ൧൯ ചൊവ്വാഴ്ച നംബർ ൩൬

CONTENTS

PART I.

ഒന്നാം ഭാഗം

PART II.

Supplements.

Educational Sheet.

Proceedings of the Town Improvement Committee, Alleppey

Do. Do. Trivandrum.

Do. Do. Kottayam.

Police Sheet.

Forest Sheet

Trivandrum Observatory Returns.

Calendar and Price list.

Season Report

Notice regarding the timely despatch of matters for insertion in the Gazette ..

Notice regarding communications for Government Gazette ...

Rates of subscription to the Gazette and charges for advertisements.

List of Holidays.

രണ്ടാം ഭാഗം.

സപ്ലിമെന്റുകൾ

എഡ്യൂക്കേഷനൽ ഷീറ്റ

പട്ടണപരിഷ്കരണ കമ്മിറ്റി പ്രൊസീഡിംഗ്സ്

ടി ടി ആലപ്പുഴ

ടി ടി തിരുവനന്തപുരം

ടി ടി കോട്ടയം

പൊലിസ ഷീറ്റ

ഫാറസ്റ്റ ഷീറ്റ

നക്ഷത്രബംഗ്ലാ കണക്കു

പഞ്ചാംഗവും നിരക്കും

കാലാവസ്ഥ റിപ്പോർട്ട

ഗസെറ്റിൽ ചേർക്കേണ്ട സംഗതികൾ കാലെ അയക്കേണ്ടതിനെ വിവരിക്കുന്ന നോട്ടീസ

സർക്കാർ ഗസെറ്റിലേക്കയക്കേണ്ട എഴുത്തുകളെപ്പറ്റിയുള്ള പരസ്യം

ഗസെറ്റ വിലയുടെയും ഗസെറ്റിൽ ചേർക്കുന്നതിനുള്ള കൂലിയുടെയും വിവരവും മറ്റും

കച്ചേരി ഒഴിവുള്ള ദിവസങ്ങളുടെ വിവരം

Part I. — ഒന്നാം ഭാഗം.

Appointment.

REVENUE AND MAGISTRACY.

M. R. Ry. V. Nagam Aiya Avergal, B. A., Dewan Peishkar to revert as Dewan Peishkar and District Magistrate on completion of his special duty in connection with the State Manual and to be styled "Senior" Dewan Peishkar and to be in charge of the Trivandrum Division.

M. R. Ry. P. Ramakrishna Aiyar Avergal, B. A., Deputy Peishkar and District Magistrate, Trivandrum Division, to do duty as Special Forest Settlement Officer *vice* M. R. Ry. S. Sankara Pillai, appointed to act as Under Secretary to Government.

M. R. Ry. C. Raghavachariar, B. A., Assistant to the Division Peishkar and First Class Magistrate, Trivandrum, to be in charge of the current duties of the Division Peishkar without prejudice to his own, till M. R. Ry. V. Nagam Aiya, Avergal assumes charge.

The Deputy Tahsildar, Thiruvellah Taluq, to be in charge of the Revenue duties and the Taluq Magistrate, Chengannur to be in charge of the Magisterial duties of the Thiruvellah Taluq without prejudice to their own during the absence of M. R. Ry. M. Krishna Iyer summoned to give evidence before the High Court.

The Deputy Tahsildar, Agastisvaram Taluq, to be in charge of the Revenue duties and the 3rd class Magistrate, Kottar, to be in charge of the Magisterial duties of the Agastisvaram Taluq, without prejudice to their own during the absence of M. R. Ry. R. Krishna Pillai B. A. & B. L., on leave or until further orders.

The Taluq Magistrate, Neyyatinkara, to be in charge of the duties of the Magistrate of Parasala in addition to his own during the absence of Mr. N. Neelacanta Pillai B. A. & B. L., on leave or until further orders.

Leave of Absence.

REVENUE AND MAGISTRACY.

M. R. Ry. R. Krishna Pillai B. A. & B. L., Tahsildar and 2nd class Magistrate doing duty at Agastisvaram, casual leave for 5 days and special casual leave for 5 days in continuation.

നിയമം

സ്റ്റേറ്റ്മാനുവൽ സംബന്ധിച്ചുള്ള വിശേഷാൽ ജോലി തീൎന്നതിൽ പിന്നെ. സീനിയർ ദിവാൻപേഷ്കാർ എന്ന സ്ഥാനത്തോടുകൂടി ദിവാൻപേഷ്കാരും ഡിസ്ത്രിക്ട് മജിസ്ത്രേട്ടുമായിട്ട് തിരുവനന്തപുരം ഡിവിഷൻ കാൎയ്യം വിചാരിക്കുന്നതിനു മ. രാ. രാ. വി. നാഗമയ്യാ ബി. ഏ. അവർകളെ നിയമിച്ചിരിക്കുന്നു.

ഗവൎമ്മെണ്ട് അണ്ടർ സിക്രട്ടറിയായി കാൎയ്യം വിചാരിക്കുന്നതിനു നിയമിക്കപ്പെട്ട മ. രാ. രാ. എസ്. ശങ്കരപ്പിള്ള അവർകൾക്കു പകരം സ്പെഷ്യൽ ഫാറസ്റ്റ് സെറ്റിൽമെൻറ് ആഫീസരായി ജോലിനോക്കുന്നതിനു തിരുവനന്തപുരം ഡിവിഷൻ ഡെപ്യൂട്ടി പേഷ്കാരും ഡിസ്ത്രിക്ട് മജിസ്ത്രേട്ടുമായ മ. രാ. രാ. പി. രാമകൃഷ്ണയ്യർ ബി. ഏ. അവർകളെ നിയമിച്ചിരിക്കുന്നു.

മ. രാ. രാ. വി. നാഗമയ്യാ അവർകൾ ചാൎജ്ജെടുക്കുന്നതുവരെ സ്വന്തം ജോലിക്കു വിരോധം കൂടാതെ തിരുവനന്തപുരം ഡിവിഷൻ പേഷ്കാരുടെ നടപ്പു ജോലികൾ നോക്കുന്നതിനു തിരുവനന്തപുരം ഡിവിഷൻ പേഷ്കാരുടെ അസിസ്റ്റൻറും ഒന്നാംക്ലാസ്സു മജിസ്ത്രേട്ടുമായ മ. രാ. രാ. സി. രാഘവാചാൎയ്യർ ബി. ഏ.യെ നിയമിച്ചിരിക്കുന്നു

മ. രാ. രാ. എം. കൃഷ്ണയ്യർ ഹൈക്കോട്ടു മുമ്പാകെ മൊഴി കൊടുപ്പാൻ പോയിരിക്കുന്നകാലത്തേക്കു സ്വന്തം ജോലികൾക്കു വിരോധം കൂടാതെ തിരുവല്ലാ താലൂക്കിൽ റവന്യൂ കാൎയ്യം വിചാരിക്കുന്നതിനു ടി താലൂക്ക ഡെപ്യൂട്ടി തഹശീൽദാരെയും മജിസ്ത്രേട്ടു കാൎയ്യം വിചാരിക്കുന്നതിനു ചെങ്ങന്നൂർ താലൂക്ക മജിസ്ത്രേട്ടിനെയും നിയമിച്ചിരിക്കുന്നു

മ. രാ. രാ. ആർ. കൃഷ്ണപിള്ള ബി. ഏ. ബി. എൽ. അവധിയിൽ ഇരിക്കുന്നകാലത്തോ ഇനി ഒരു ഉത്തരവു ഉണ്ടാകുന്നതുവരെയോ സ്വന്തം ജോലികൾക്കു വിരോധം കൂടാതെ അഗസ്തീശ്വരം താലൂക്കിലെ റവന്യൂ കാൎയ്യം വിചാരിക്കുന്നതിനു ടി താലൂക്ക ഡെപ്യൂട്ടി തഹശീൽദാരെയും മജിസ്ത്രേട്ടു കാൎയ്യം വിചാരിക്കുന്നതിനു കോട്ടാർ ൩ാം ക്ലാസ്സു മജിസ്ത്രേട്ടിനെയും നിയമിച്ചിരിക്കുന്നു.

മിസ്റ്റർ എൻ. നീലകണ്ഠപിള്ള ബി. ഏ. ബി. എൽ. അവധിയിൽ ഇരിക്കുന്നകാലത്തോ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെയോ സ്വന്തം ജോലിക്കു വിരോധം കൂടാതെ പാറശ്ശാല മജിസ്ത്രേട്ടു കാൎയ്യം വിചാരിക്കുന്നതിനു നെയ്യാറ്റിങ്കര താലൂക്ക മജിസ്ത്രേട്ടിനെ നിയമിച്ചിരിക്കുന്നു.

അവധി കൊടുത്ത വിവരം

അഗസ്തീശ്വരം താലൂക്കിൽ തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടും ആയി ജോലി നോക്കുന്ന മ. രാ. രാ. ആർ. കൃഷ്ണപിള്ള ബി. ഏ. ബി. എൽ. നു ൫ ദിവസത്തെ കാഷ്വൽ അവധിയും അതിനു തുടൎച്ചയായി ൫ ദിവസത്തെ സ്പെഷ്യൽ കാഷ്വൽ അവധിയും കൊടുത്തിരിക്കുന്നു.

Mr. N. Neelacanta Pillai B. A. & B. L. 2nd class Magistrate, Parasala, privilege leave for three weeks.

Assumption of Charge.

JUDICIAL DEPARTMENT.

M. R. Ry. M. K. Ramachandra Row Avergal B. A. & B. L., District and Sessions Judge, Trivandrum appointed to act as Puisne Judge, High Court, assumed charge of his duties on the forenoon of the 24th August 1906.

Resumption of Charge.

REVENUE AND MAGISTRACY.

M. R. Ry. K. Ramaswamy Aiyar B. A. & B. L., Tahsildar and 2nd class Magistrate, Quilon Taluq, temporarily appointed on other duty reverted to his substantive appointment and resumed charge of his duties on the forenoon of the 8th Chingom 1082.

REGISTRATION DEPARTMENT.

Mr. R. Harihara Aiyar, Sub-Registrar, Kunnatnad, returned from leave and resumed charge of his duties on the forenoon of the 22nd Karkadakam, 1081.

Investiture of Powers.

Under section 10 of Regulation V of 1067, M. R. Ry. C. Raghavachariar, appointed to be also in charge of the current duties of the Division Peishkar, Trivandrum, is invested with the powers of a District Magistrate, while so in charge.

Notification.

LEGISLATIVE DEPARTMENT.

The Legislative Council will meet in the Dewan's room, Public Offices, on Friday the 14th September, 1906 / 29th Chingom, 1082 at 4 P. M.

(By order)
K. JACOB,
Secretary to the Legislative Council.

Huzur Cutcherry,
Trivandrum,
27th August, 1906.

പാറശ്ശാല ൨-ാം ക്ലാസ്സ് മജിസ്ത്രേട്ട് മിസ്റ്റർ എൻ. നീലകണ്ഠപിള്ള ബി. എ. ബി. എൽ. അവൎകൾക്കു ൩ ആഴ്ചവട്ടത്തെ പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു.

ചാൎജെടുത്ത വിവരം

ഹൈക്കോട്ടു പ്യൂണി ജഡ്ജിയായി കാൎയ്യം വിചാരിക്കുന്നതിനു നിയമിക്കപ്പെട്ട തിരുവനന്തപുരം ഡിസ്ത്രിക്ട് സെഷ്യൻ ജഡ്ജിയായ മ. രാ. രാ. എം. കെ. രാമചന്ദ്രറാവു അവൎകൾ ബി. എ. ബി. എൽ. ൧൯൦൬ ആഗസ്റ്റ് ൨൪-ാംനു- ഉച്ചക്കു മുമ്പു ചാൎജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

തിരികെ ചാൎജെടുത്ത വിവരം

തൽക്കാലത്തേക്കു വേറെ ജോലിക്കു നിയമിക്കപ്പെട്ട കൊല്ലം താലൂക്കു തഹശീൽദാരും ൨-ാം ക്ലാസ്സ് മജിസ്ത്രേട്ടുമായ മ. രാ. രാ. കെ. രാമസ്വാമി അയ്യർ ബി. എ. ബി. എൽ. ൧൦൮൨ ചിങ്ങം ൮-നു- ഉച്ചക്കു മുമ്പു സ്വന്തജോലിയിൽ തിരികെ ചാൎജേറ്റു പ്രവേശിച്ചിരിക്കുന്നു.

കുന്നത്തുനാടു സബ് രജിസ്ത്രാർ ആർ. ഹരിഹരയ്യർ അനുവദിച്ചിട്ടുള്ള അവധി കഴിഞ്ഞു ൧൦൮൧ കൎക്കടകം ൨൨-നു- ഉച്ചക്കു മുമ്പു ഹാജരായി ചാൎജേറ്റു ജോലിനോക്കിവരുന്നു.

അധികാരം കൊടുത്ത വിവരം.

തിരുവനന്തപുരം ഡിവിഷൻ പേഷ്ക്കാരുടെ നടപ്പു ജോലികൾ കൂടി നോക്കുന്നതിനു നിയമിക്കപ്പെട്ട മ. രാ. രാ. സി. രാഘവാചാൎയ്യൎക്കു ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലേഷൻ ൧൦-ാം വകുപ്പനുസരിച്ചു ഒരു ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനുള്ള അധികാരം അങ്ങിനെ കാൎയ്യം വിചാരിക്കുന്ന കാലത്തേക്കു കൊടുത്തിരിക്കുന്നു.

പരസ്യം.

നിയമനിൎമ്മാണ സഭയുടെ ഒരു യോഗം ൧൦൮൨ ചിങ്ങം ൨൯-നു-ക്കു ൧൯൦൬ സെപ്തംബർ ൧൪-നു- വെള്ളിയാഴ്ച ഉച്ച തിരിഞ്ഞു ൪ മണിക്കു പുത്തൻ കച്ചേരിയിൽ ദിവാൻ കച്ചേരിചെയ്യുന്ന മുറിയിൽ കൂടുന്നതാകുന്നു.

ഉത്തരവും പ്രകാരം
കെ. ജെക്കബ്
നിയമനിൎമ്മാണ സഭാ സിക്രട്ടേരി

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൬ ആഗസ്റ്റ ൨൭-ാം

No. $\frac{14065.}{S. R. 1896.}$

Customs Notification.

Under sanction of His Highness the Maha' Rajah, it is hereby notified for general information that the bringing by sea or land into Travancore of American or West Indian cotton seed except such as has been fumigated to the satisfaction of the Customs Officer, is strictly prohibited.

Huzur Cutcherry,
Trivandrum,
22nd August, 1906.

S. GOPALACHARIYAR,
Dewan.

ചവുക്ക പരസ്യം

കല്പനപ്രകാരം സകലജനങ്ങളും അറിയുന്നതിനു ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ കസ്റ്റംസ് (ചവുക്ക) ആപ്പീസർക്കു, പരുത്തിക്കുരു, പുകയേല്പിച്ചതാണെന്നു ബോദ്ധ്യപ്പെട്ടാലല്ലാതെ അമേരിക്കായിലെ പരുത്തിക്കുരു വെസ്റ്റ് ഇൻഡ്യൻ പരുത്തിക്കുരു ഇവ കടൽവഴിയായോ കരവഴിയായോ തിരുവിതാംകോട്ടുക്കു കൊണ്ടുവരുന്നതു ബന്ധമായി വിരോധിച്ചിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൬ ആഗസ്റ്റ ൨൨നു-

ദിവാൻ എസ്. ഗോപാലാചാര്യർ.

No. $\frac{1416[illegible]}{S. R. [illegible]}$

Customs Notification.

Under sanction of His Highness the Maha Rajah it is hereby notified that for the corresponding items of entry No. 15 (General Duties) in the Tariff Notification No. S. R. 216 dated the 31st January 1906, the following shall be substituted with effect from the 10th July 1906, namely

No.	Names of articles.	Per Tariff valuation.	Duty
	* * *		
15	Copper braziers and sheets up to 1/8" thick.	cwt. Rs. 63.	Five per cent.
	* * *		
	Copper pigs, tiles, ingots, cakes, bricks and slabs.	„ Rs. 58.	Do.
	Copper plate over 1/8" thick and Sheathing.	„ Rs. 68.	Do.
	* * *		
	Tin, block.	„ Rs. 130.	Do.

Huzur Cutcherry,
Trivandrum,
24th August, 1906.

S. GOPALACHARIYAR,
Dewan.

No. $\frac{3464}{8\text{ II }1911}$

NOTIFICATION.

In continuation of Customs Notification dated the 10th March 1906, it is hereby notified under sanction of His Highness the Maha Rajah that entries Nos. 34, 35, 36 and 37 fixing tariff values for certain descriptions of Madras cloth shall be omitted from the list of tariff values appended to the said Notification. This Notification will take effect from the 10th July 1906 and from that date Madras cloths of the descriptions in question should be assessed to Customs duty on an *ad valorem* basis.

Huzur Cutchery,
Trivandrum,
24th August 1906.

S. GOPALACHARIYAR,
Dewan.

വി. ൧൭൭൫
ജി.

പരസ്യം

ഈ ആണ്ടു കന്നി൨൦ാംനു- മൂലം ആട്ടത്തിരുനാൾ അടിയന്തിരം പ്രമാണിച്ചുള്ള ചില വിഭവം വലിയഗണപതി ഹോമം വകക്കു ൩൫൦ പറ മേനി ഉണക്കലരിയും ൪൦൦ പറ ഉണക്കലരിയും ൨൫൦൦ പറ മന്നാറത്തു ആറ്റുകൊമ്പൻ അരിയും ൫൦൦പറ മന്നാറത്തു പാണ്ടി വെള്ള പുഴക്കലരിയും ഇതിനുപുറമേ ൪൫൦ പറ അരി വേണ്ടുന്നതു സഹായ വിലക്കു ഏല്പിപ്പാൻ മനസ്സുള്ള ആളുകൾക്കു കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലേലസമയം അരിയുടെ തരം കാണിക്കാവുന്നതും ആകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

൧. ഈ വക അരി പഴുപ്പു പൂപ്പു ഉതുകൾ ഇല്ലാതെയും നല്ല മേനിയായിട്ടും തരത്തിനു ശരിയിട്ടതായും ഉണക്കമുള്ളതായും ശേഖരിച്ചു ഉത്സവമഠം ഉൾപ്പെട്ട സ്ഥലത്തു ഹാജരാക്കി അവിടത്തെ പാക്കു തവണ ക്രമത്തിനും ആവശ്യപ്പെട്ട ചട്ടംകെട്ടുന്നതുപോലെയും ഏല്പാട അനുസരിച്ചും അളവു കൊടുപ്പാനുള്ളതാകുന്നു.

൨. മേലെഴുതിയതിനുപുറമെ അരി ശേഖരിച്ചു ഏല്പിക്കുന്നതിനു മനസ്സുള്ള ആളുകളോടു ഹജൂർക്കച്ചേരിയിൽവച്ചു ലേലമായിട്ടു കെട്ടു സഹായവിലക്കു കുത്തക സ്ഥിരപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു എന്നാൽ ലേലത്തിൽ ചേരുന്ന ആളുകൾ ക്രമപ്രകാരം ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി കുത്തക നടക്കുമെന്നുള്ള ഉറപ്പുണ്ടാവേണ്ടി ലേലസമയം ൧൦൦ രൂപാ കെട്ടിവെയ്ക്കേണ്ടതും അങ്ങനെ രൂപാ കെട്ടിവയ്ക്കാത്ത ആളുകളെ ലേലത്തിൽ ചേൎക്കുന്നതല്ലാത്തതും ആകയാൽ മേൽ വിവരിച്ചതുപോലെ കുത്തക ഏറ്റുനടപ്പാൻ മനസ്സുള്ള ആളുകൾ ഈ മാസം ൨൧ാംനു- പകൽ ൧൨ മണിക്കു മേൽപ്രകാരം രൂപായോടുകൂടി ഹജൂർക്കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

൩. ലേലം സ്ഥിരപ്പെട്ടു കുത്തകക്കാർ മേല്പറഞ്ഞതിനുപുറമെ കെട്ടിവയ്ക്കുന്ന രൂപായിൽ കുത്തകക്കു ഏറ്റെടുക്കുന്നവരുടെ രൂപാ ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാണ്.

൪. കുത്തകക്കു ഏല്ക്കുന്ന ആളുകൾ പോരാത്ത ഡെമണിവച്ചു ഉമ്പടിചെയ്തു അരി ഏല്പിക്കാതെ ഇരിക്കയൊ വീഴ്ചവരുത്തുകയൊ കുത്തകയിൽ നിന്നും പിൻവാങ്ങുകയൊ ഹാജരാക്കുന്ന അരി ഈ വക ചിലവിനു ഉപയോഗപ്പെടുന്നതല്ലെന്നു കാണുകയൊ ചെയ്തു സൎക്കാരിൽ നിന്നും വേറെ വിധത്തിൽ അരി വരുത്തി നടത്തിക്കയും അതിൽവച്ചു സൎക്കാരിലേക്കു നഷ്ടം നേരിടുകയും ചെയ്താൽ ആ വക നഷ്ടം ലേലക്കാരനെക്കൊണ്ടു കെട്ടിവെപ്പിക്കുന്നതു കൂടാതെ ലേലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽകൂട്ടുന്നതുമാണ് എന്നാൽ വേറെ വിധം അരി വരുത്തുന്നതിൽ സൎക്കാരിലേക്കു ലാഭം വരുന്നതായാൽ അതിലേയ്ക്കു ആദ്യലേലക്കാരൻ അവകാശം പറഞ്ഞുകൂടുന്നതല്ല.

൫. ഒരു കുത്തകക്കു ഏല്ക്കുന്ന ആളുകളെ സ്ഥിരപ്പെടുത്തി നടത്തിക്കുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൨മാണ്ടു ചിങ്ങമാസം ൨൩ാംനു-

ഗവൎമ്മെണ്ടു ചീഫ്‌സിക്രട്ടറി
ഏ.ജെ. വീയറാ.

No. 14699.

Notice

Is hereby given that a reward of (100) one hundred rupees will be given to any one who destroys a rogue elephant that is reported to be roaming about Anarchardie and Florence Estates in the Shencottah Taluk.

2. The elephant is a huge animal, in poor condition, with the tusks turned upwards and with numerous old bullet wounds.

3. Any one shooting the animal is requested to make an immediate report to the Divisional Forest Officer, Quilon Division, who will take charge of the tusks and teeth.

4. The reward will be granted on application through the Conservator of Forests.

Huzur Cutcherry,
Trivandrum,
30th August, 1906.

A. J. VIEYRA,
Chief Secretary to Government.

പരസ്യം.

ചെങ്കോട്ട താലൂക്കിൽ അനാചാടി എസ്റ്റേറ്റു തോട്ടത്തിലും ഫ്ലാറൻസ് എസ്റ്റേറ്റിലും അവയുടെ സമീപങ്ങളിലും സഞ്ചരിക്കുന്നതായി റിപ്പോട്ടു ചെയ്യപ്പെട്ടിട്ടുള്ള അപായകാരിയായ ഒരു ആനയെ കൊല്ലുന്ന ആൾക്കു (൱) രൂപാ ഇനാം കൊടുക്കുന്നതാണെന്നു ഇതിനാൽ പരസ്യപ്പെടുത്തിയിരിക്കുന്നു.

൨. ആന വലുതും ക്ഷീണിച്ചതും ആകുന്നു. കൊമ്പുകൾ മേല്പോട്ടു വളഞ്ഞിരിക്കുന്നു. വെടികൊണ്ട പഴയ പാടുകൾ ധാരാളം ഉണ്ടു.

൩. ഈ ആനയെ വെടിവച്ചു കൊല്ലുന്ന ആൾ ഉടനെതന്നെ വിവരം കൊല്ലം ഡിവിഷൻ ഡിവിഷനൽ ഫോറസ്റ്റാഫീസർക്കു റിപ്പോട്ടു ചെയ്യേണ്ടതും. ആ ആഫീസർ കൊമ്പുകളും പല്ലുകളെയും ഏറ്റു വാങ്ങിക്കൊള്ളുന്നതും ആകുന്നു.

൪. വനം കൺസർവേറ്റർ മുഖാന്തരം അപേക്ഷിച്ചാൽ ഈ ഇനാം കൊടുക്കുന്നതാകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൩൦-നു ആഗസ്റ്റ ൧൯൦൬

ഗവൺമെന്റു ചീഫ് സിക്രട്ടറി
ഏ. ജെ. വീയറാ.

NOTICE.

Hindu Heads of Departments are informed that the Dewan will be glad to receive those that call on Sunday afternoons.

Visitors may call on the Dewan on other days between 7 and 9-30 A. M. by appointment; European Heads of Departments are also requested to call by appointment intimating the subjects they wish to discuss.

The Dewan will also receive in the Huzur Cutcherry between 11-30 A. M. and 4-30 P. M. all those who have office business before him.

Huzur Cutcherry,
Trivandrum,
1st September 1906.

A. J. VIEYRA,
Chief Secretary to Government.

Notification under Section 4 of Regulation II of 1068.

It is hereby notified under section 4 of Regulation II of 1068 that it is proposed to constitute the land described in the subjoined schedule a Reserved Forest under the said Regulation.

The special Forest Settlement Officer appointed by Government will enquire into and determine the existence and the nature and extent of any rights claimed by or alleged to exist in favour of any person in any land comprised within the limits of the proposed Reserve and deal with the same as provided in the Regulation.

Huzur Cutcherry,
Trivandrum,
28th August, 1906.

S. GOPALACHARIYAR,
Dewan.

No. and name of Reserve.	Taluk.	Village.	Boundaries.	Probable extent.	Remarks.
Chithelvetti.	Pathanapuram.	Pathanapuram.	*North*:—Survey Nos. 287, 286, 285, 284, 283, and the Pathanapuram Village boundary (Skirting Survey Nos. 366 and 364 on the Southern side) as for as Survey No. 361. *East*:—Survey Nos. 361, 360, 362, 359, 358. 273, 279, 357, 273 and the cleared Western boundary of the Punnalai Reserve. *South*:—Survey Nos. 266, 293, 292, 291, Pathanapuram Pambalathera road as for as 454, skirting Nos. 331, 332, 333, 334, 347 and 346 then Nos. 454, 345, 456, 443, 442 and 441. *West*:—From the above point a straight line to 339 then 379, 338, 337, 370, 369, 371, 372, 377, 376 and the Pathanapuram Village boundary skirting 374 to meet the starting point.	5 Square miles.	All registered lands are excluded.

൧൦൬൮-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ ൪-ാം വകുപ്പനുസരിച്ചുള്ള പരസ്യം.

൧൦൬൮-ാമാണ്ടത്തെ ൨-ാം റെഗുലേഷന്റെ ൪-ാം വകുപ്പനുസരിച്ച് ഇതിനാൽ പരസ്യപ്പെടുത്തുന്നതു എന്തെന്നാൽ

താഴെ പട്ടികയിൽ വിവരിക്കപ്പെട്ടിരിക്കുന്ന ഭൂമിയെ മേൽപറയപ്പെട്ട റെഗുലേഷൻപ്രകാരം രക്ഷിക്കപ്പെട്ട വനമാക്കി തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. രക്ഷിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള ഭൂമിക്കുള്ളിൽ കിടക്കുന്ന വല്ല സ്ഥലത്തെപ്പറ്റി വല്ല അവകാശം വാദിക്കപ്പെടുന്നതോ ആയാൾക്ക് വല്ലതും ഉണ്ടെന്നു പറയപ്പെടുന്നതോ ആയ ഏതെങ്കിലും അവകാശങ്ങളും ഉണ്ടോ എന്നും അവയുടെ സ്വഭാവം ഏതാകുന്നു എന്നും അവ എത്രമാത്രമെന്നും വിചാരണചെയ്തു തീർപ്പെടുത്തുന്നതിനും ഈ റെഗുലേഷനിൽ പറയപ്പെട്ടിട്ടുള്ളതിൻവണ്ണം അവയെപ്പററി തീരുമാനം ചെയ്യുന്നതിനും ആയി സ്പെഷ്യൽ ഫാറസ്റ്റ സെററിൽമെൻറ ആഫീസരെ വനംവക സെററിൽമെൻറ ഉദ്യോഗസ്ഥനായി നിയമിച്ചിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൬ ആഗസ്റ്റ ൨൮-

എസ്സ്. ഗോപാലാചാര്യർ,
ദിവാൻ.

റിസർവിന്റെ പേരും നമ്പരും	താലൂക്ക	പ്രവൃത്തി	അതിരുകൾ	ഉദ്ദേശ വിസ്തീർണ്ണം	റിമാർക്ക
ചിതൽവെട്ടി	പത്തനാപുരം	പത്തനാപുരം	വടക്ക—[illegible] ഈ സർവെ നമ്പരുകളും [illegible] ഇവയും തൊട്ടുള്ള പത്തനാപുരം വില്ലേജ ബൌണ്ടറിയും കിഴക്ക—[illegible] ഈ സർവെ നമ്പരുകളും പന്തലൂർ റിസർവിന്റെ തെക്കുകിട്ടുള്ള പടിഞ്ഞാറെ ബൌണ്ടറിയും തെക്ക—[illegible] ഈ സർവെ നമ്പരുകളും [illegible] വരെ [illegible] ഇവയോടുള്ള പത്തനാപുരം [illegible] റോട്ടും പിന്നിട്ട [illegible] ഈ നമ്പരുകളും പടിഞ്ഞാറ— മെല്ലുരത്ത പായിൻ [illegible] വരെ ഒരു ലയിനും പിന്നിട്ട [illegible] നമ്പരുകളും വടക്കോ അത്തുതാഴിയിൽ എത്തുന്നതു വരെ [illegible] തൊട്ടുള്ള പത്തനാപുരം വില്ലേജ ബൌണ്ടറിയും	൭ ചതുരശ്ര മൈൽ	സ്ഥിരതാമസ സ്ഥലങ്ങളെ എല്ലാം വനത്തിൽ നിന്നും ഒഴിച്ചിരിക്കുന്നു

No. 14701.

Notification.

On and after the 1st of Chingom 1082 the Conservancy Overseers of the Police Towns noted below will be responsible for the collection and registration of Vital Statistics within the limits of the said towns and the Revenue Authorities will be relieved of these duties within those towns.

Huzur Cutcherry,
Trivandrum,
30th August, 1906.

A. J. VIEYRA,
Chief Secretary to Government.

1. Aramboly.
2. Bhutapandi.
3. Suchindrum.
4. Eraniel.
5. Colachel.
6. Tiruvithankode.
7. Kalkulam.
8. Tiruvettar.
9. Kuzhitura.
10. Parassala.
11. Neyyattinkara.
12. Puvar.
13. Nedumengad.
14. Attingal.
15. Warkalay.
16. Kottarakara.
17. Punalur.
18. Shenkottah.
19. Karunagapalli.
20. Kayenkulam.
21. Kartigapalli.
22. Mavelikara.
23. Pattanamtittay.
24. Tiruvella.
25. Ambalapuzha.
26. Shertallay.
27. Vaikam.
28. Ettumanur.
29. Changanacherry.
30. Minachil.
31. Muvattupuzha.
32. Alwaye.
33. Parur.

No. R 6351.

Addendum.

In page 1057 of the Government Gazette dated 28th August 1906 in the Notification regarding 3 months' privilege leave granted to M. R. Ry. T. Rajaram Row Avergal B. A., Dewan Peishkar, Revenue Settlement, *read* "8th Chingom 1082/24th August 1906 for the 1st Chingom 1082."

൧൯൦൬ ആഗസ്റ്റ ൨൮-ാം൹-ലെ സൎക്കാർ ഗസെററ ൧൦൫൭-ാം വശത്തു മ. രാ. രാ. ററി. രാജാരാമരായർ അവർകൾ ബി. ഏ.ക്കു മൂന്നു മാസത്തെ പ്രിവിലെജ് അവധി കൊടുത്തതായുള്ള പരസ്യത്തിൽ ൧൦൮൨ ചിങ്ങം ൧-ാം൹ എന്നതിനു പകരം ൧൦൮൨ ചിങ്ങം ൮-ാം൹ ൧൯൦൬ ആഗസ്റ്റ ൨൪-ാം൹ എന്നു ഭേദപ്പെടുത്തിക്കൊള്ളേണ്ടതാകുന്നു.

പണിവക ഡിപ്പാർട്ടുമെന്റിലെ ജോലിനടപ്പിനുള്ള
ചട്ടങ്ങൾ.

ഒന്നാഖണ്ഡം

അനുബന്ധം എ.

പണിവക ഡിപ്പാർട്ടുമെൻറിലെ വേലകളെ ൬ എക്സിക്യൂട്ടീവ വകുപ്പുകളാക്കായിട്ടു വിഭജിച്ചിരിക്കുന്ന വിവരത്തിനുള്ള സ്റ്റേറ്റുമെൻറ്.

വകുപ്പ ൧.

൧ മതിലകം
൨. ചൊററുപുര
൩. ഉരപ്പുര
൪. മതിലകത്തോടു ചേർന്ന പാത്രക്കുളം
൫. അഗ്രശാല
൬. രാമനാമഠം
൭. വ്യഞ്ജനപ്പുര
൮. നമ്പൂരിപ്പാട്ടു മഠം
൯. നെടുംകലവറ
൧൦. വിറകുപുര
൧൧. ഉത്സവമഠം
൧൨. പത്മതീർത്ഥവും അതിൽ ചേർന്ന കടവുകളും മണ്ഡപങ്ങളും
൧൩. പാത്രക്കുളവും അതിലെ കടവുകളും
൧൪. കൊട്ടയ്ക്കകത്തുള്ള സർക്കാർ മഠങ്ങൾ
൧൫. പത്മതീർത്ഥത്തിനു സമീപമുള്ള നന്ദാവനങ്ങൾ

വകുപ്പ ൨.

൧. പഴവങ്ങാടി ഗണപതിക്ഷേത്രം
൨. ശ്രീവരാഹ ക്ഷേത്രവും കുളവും കടവുകളും
൩. മിത്രാനന്ദപുരക്ഷേത്രവും കുളവും കടവുകളും
൪. ശ്രീകണ്ഠേശ്വരക്ഷേത്രവും കുളവും കടവുകളും
൫. തിരുനാൾ ദിവസവും, ശിവരാത്രി, ആർദ്രാദർശനം, വൈക്കത്തഷ്ടമി, മീനഭരണി ഈ ദിവസങ്ങളിലും എഴുന്നള്ളുന്ന വകയ്ക്കായി മേൽപറഞ്ഞ മൂന്നു ക്ഷേത്രങ്ങൾക്കു രാമസ്വാമികോവിലിൽനിന്നും ക്ഷുവക്കര മഠം ഭഗവതികോവിലിൽനിന്നും പതിവുപോലെ അററകുററം തീർക്കൽ

൬. പാൽക്കുളങ്ങര ക്ഷേത്രവും അതിനു ചേൎന്ന പണികളും
൭. വലിയ കൊട്ടാരം
൮. തെക്കെത്തെരുവിലെ തൊഴപ്പുര
൯. തെക്കെത്തെരുവിലെ പുറത്തോട്ടം
൧൦. കൊച്ചുമഠം തോപ്പ്
൧൧. നമസ്കാരം തോപ്പ്
൧൨. തെക്കെത്തെരുവിലെ വാഴത്തോപ്പ്
൧൩. കിഴക്കെ കൊട്ടാരം
൧൪. ഭജനപ്പുര കൊട്ടാരം
൧൫. തെക്കെത്തെരുവിലെ നാലുകെട്ട്
൧൬. മാടംശേരി അമ്മവീടും അതിനു ചേൎന്ന കെട്ടിടങ്ങളും
൧൭. ഉള്ളൂരിലെ കൊട്ടാരം വക തോപ്പ്
൧൮. വടശ്ശേരി പടിഞ്ഞാറെ അമ്മവീട്
൧൯. ഓണം സംബന്ധിച്ച ഊഞ്ഞാൽ ഉണ്ടാക്കുക
൨൦. ഓണക്കാലത്തു അമ്മവീട്ടുകളിലെ കുളങ്ങൾ ഇറക്കുക
൨൧. തെക്കെത്തെരുവിലുള്ള അമ്മൻകോവിലും ശിവൻകോവിലും
൨൨. തെക്കെത്തെരുവിലെ പഴയ പൊന്നായിച്ചാവടി
൨൩. തിരുമനസ്സിലെ വക ബോട്ടും റെസിഡണ്ട്സായ്പിന്റെ ബോട്ടും വള്ളക്കടവിൽ വച്ചിരിക്കുന്ന ബോട്ടുപുരകൾ
൨൪. മണർക്കുന്നിലെ മണ്ഡപം
൨൫. കടപ്പുറത്തു മട്ടപ്പാവു ബംഗ്ലാവു
൨൬. കടപ്പുറത്തു പഴയ കൊട്ടാരം
൨൭. കടപ്പുറത്തു തെക്കെ കൊട്ടാരം (കുളവും കടവും ഉൾപ്പെടെ)
൨൮. കടപ്പുറത്തു പുതിയ ബംഗ്ലാവ
൨൯. കടപ്പുറത്തു ചക്രതീൎത്ഥവും (കടവും) പാപവിനാശം കുളവും
൩൦. കടപ്പുറത്തു രണ്ടു മണ്ഡപങ്ങൾ
൩൧. ഓണക്കാലത്തെക്കു തണ്ണീർപ്പന്തൽ

൨ കല്പ്പ ൩.

൧. ശ്രീപാദം കൊട്ടാരം
൨. തേവാരത്തുകോയിക്കൽ
൩. കല്പകകോയിക്കൽ
൪. വടക്കെ കൊട്ടാരം

വകുപ്പ ൪.

വകുപ്പ ൫.

(BLANK PAGE-NO CONTENTS)

(BLANK PAGE-NO CONTENTS)

ളും തെളിക്കുന്നതുശാസ്തമംഗലത്തും പൂജപ്പുര കളും ഉള്ള എഴുന്നള്ളത്തു പ്രമാണിച്ചുള്ള പണികളും ആജ്ഞാപിക്കാവുന്ന വേറെ വേലകളും, സൂപ്പർ വൈസരുടെ യുക്തം പൊലെ മാരൊ അമീനാമാർ മാർക്കായി വിഭജിച്ചു കൊടുക്കുന്നതാകുന്നു.

അനുബന്ധം എ.

കൊട്ടാരം ആഡിററാഫീസ.

നമ്പര്‍	ഉദ്യോഗസ്ഥന്മാര്‍.	ശമ്പളം. രൂപാ
൧	ഹെഡ്, അക്കൗണ്ടന്റ്	൩൫
൨	അക്കൗണ്ടന്റ	൧൭
൩	ടി	൧൨
൪	ഗുമസ്താ	൧൭
൫	ടി	൧൧
൬	ടി	൧൦
൭	ടി	൮
൮	ശിപായി	൮
൯	ടി	൮

അനുബന്ധം സി.

പണിയാക മരാമത്തു വക സ്ഥിരം സിബ്ബന്തികൾ.


നമ്പർ	ഉദ്യോഗപ്പേർ	ശമ്പളം		റിമാർക്സ്
		രൂപാ	ച	
൧	സൂപ്പർവൈസർ	൧൫൦		൨൦൦ രൂപാ വരെ സ്കേൽ ഉണ്ട്
൨	അസിസ്റ്റന്റ് സൂപ്പർവൈസർ	൬൦		
൩	ഹെഡ് അക്കൌണ്ടന്റ്	൩൦		൪൦ രൂപാ വരെ [illegible]ൽ ഉണ്ട്
൪	അക്കൌണ്ടന്റ്	൨൫		
൫	ടി	൧൫		
൬	ടി	൧൩		
൭	ടി	൧൧		
൮	ടി	൧൦		
൯	ടി	൮		
൧൦	ടി	൭		
൧൧	ഡ്രാഫ്ട്സ്മാൻ	൨൫		
൧൨	ട്രേസർ	൧൦		
൧൩	മുതൽപിടി	൨൧		
൧൪	ഹെഡ് ഗുമസ്താ	൧൪		
൧൫	ഗുമസ്താ	൧൦		
൧൬	ടി	൯		
൧൭	ടി	൮		
൧൮	ടി	൮		
൧൯	റിക്കാർഡ് കീപ്പർ	൧൧		
൨൦	സ്റ്റോർ കീപ്പർ	൩൨		
൨൧	അസിസ്റ്റന്റ് സ്റ്റോർ കീപ്പർ	൨൦		
൨൨	അക്കൌണ്ടന്റ്	൧൫		
൨൩	ടി	൧൧		
൨൪	ടി	൧൦		
൨൫	ടി	൧൦		
൨൬	ടി	൮		

നമ്പർ	ഉദ്യോഗപ്പേർ	ശമ്പളം		റിമാർക്ക്
		രൂപാ	ച	
൨൭	കൈവാരം	൮		
൨൮	ടി	൬		
൨൯	ടി	൬		
൩൦	അമീനാദാർ	൩൨		
൩൧	അക്കൌണ്ടണ്ട്	൧൦		
൩൨	ടി	൭		
൩൩	ടി	൬		
൩൪	അമീനാദാർ	൨൮		
൩൫	അക്കൌണ്ടണ്ട്	൧൧		
൩൬	ടി	൭		
൩൭	ടി	൬		
൩൮	അമീനാദാർ	൨൬		
൩൯	അക്കൌണ്ടണ്ട്	൧൦		
൪൦	ടി	൯		
൪൧	അമീനാദാർ	൨൩	൧൬	
൪൨	അക്കൌണ്ടണ്ട്	൧൧	൧൨	
൪൩	ചെങ്കൽ ച്ചൂള റിക്കാർട്ടിപ്പു	൧൫		
൪൪	ഡഫേദാർ	൮		
൪൫	ശിപായി	൬		
൪൬	ടി	൬		
൪൭	ടി	൬		
൪൮	ടി	൬		
൪൯	ടി	൬		
൫൦	ടി	൬		
൫൧	ടി	൬		
൫൨	സൂപ്പരിണ്ടെണ്ടണ്ട്	൫൦		
൫൩	അക്കൌണ്ടണ്ട്	൧൫		
൫൪	ടി	൧൦		
൫൫	ശിപായി	൬		

അനുബന്ധം ഡി.

പണിവകയിൽ ചേർന്ന പുതിയ സൂപ്പർന്യൂമററി സർവ്വീസിലുള്ള ജീവനക്കാരുടെ ലിസ്റ്റ്.

നമ്പർ	ജീവനത്തിൻെറ പേർ	ശമ്പളം		
		രൂപാ	ചക്രം	
൧	വിചാരിപ്പു അക്കൌണ്ടൻറ്	൧൮	൨൬	
൨		൧൬		
൩	ടി	൧൨		
൪	ടി	൧൨		
൫	ടി	൧൨		
൬	ടി	൧൨		
൭	ടി	൧൧		
൮	ടി	൯		
൯	ടി	൯		
൧൦	ടി	൯		
൧൧	ടി	൮		
൧൨	ടി	൮		
൧൩	ടി	൮		
൧൪	ടി	൭	൧൪	
൧൫	ടി	൭		
൧൬	ടി	൭		
൧൭	ടി	൭		
൧൮	ടി	൬	൧൪	
൧൯	ടി	൬		
൨൦	ടി	൬		
൨൧	ടി	൬		
൨൨.	ടി	൬		



Part II. — രണ്ടാം ഭാഗം

Notice of auction sale of contract for the supply of vegetables &c., for Oottupuras

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വയ്ക്കത്തു ക്ഷെത്രത്തിൽ വച്ചു വരാൻ വരുന്ന കന്നിമാസം ൧൯-ാം മുതൽ നടക്കുന്ന അഷ്ടമി ഉത്സവം പ്രമാണിച്ചു സദ്യ ഉൾപ്പെട്ടതിനു വേണ്ട കൊപ്പുകൾ കത്തകയായി ഏല്പിക്കുന്നതിലെക്കു ചിങ്ങമാസം ൩൧-ാം൹ വൈക്കം താലൂക്കു കച്ചേരിയിൽ വച്ചും [illegible] കച്ചേരിയിൽ വച്ചും ലെലം ചെയ്തു കത്തകക്കു ഏല്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

൧. ലെലത്തിൽ ചെരുവാൻ ആഗ്രഹമുള്ളവർ പത്തു രൂപാ വീതം ഡെപ്പാസിറ്റ് വയ്ക്കേണ്ടതും അല്ലാത്തവരെ ലെലത്തിൽ ചെരുവാൻ സമ്മതിക്കുന്നതല്ലാത്തതും ആകുന്നു. ലെലം സ്ഥിരപ്പെട്ടതിന്റെ ശെഷം കത്തക ശരിയായി നടക്കുമെന്നുള്ള ഉറപ്പിന്മെൽ മുമ്പു പറഞ്ഞതു ഉൾപ്പെടെ കത്തക ചിലവിൽ എട്ടിൽ ഒരു ഭാഗം സംഖ്യ അടുത്ത ദിവസം [illegible] ഹാജരാക്കി ഒടുക്കണം. അല്ലാതെപൊയാൽ ആദ്യത്തെ ഡെപ്പാസിറ്റ് സർക്കാരിലെക്കു മുതൽ കൂട്ടുന്നതു കൂടാതെ രണ്ടാമതു ലെലം വിളിപ്പിച്ചൊ മറ്റൊ വെറെ വല്ല വ്യവസ്ഥ ചെയ്യുന്നതിൽ വച്ചു ഉണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലെലക്കാരൻ ഉത്തരവാദിയായി തീരുകയും ചെയ്യും. ലാഭം ഉണ്ടാകയാൽ അതിലെക്കു അവകാശം പറയുന്നതല്ല. ലെലം സ്ഥിരപ്പെട്ട ഉടനെ ശെഷം കെട്ടിവച്ചിട്ടുള്ളവരുടെ ഡെപ്പാസിറ്റ് തിരികെ കൊടുക്കുന്നതായിരിക്കും. എല്പിക്കെണ്ടതായ സാമാനങ്ങളുടെ വിവരവും തുകയും ലെല സമയം വായിച്ചാൽ അറിയുന്നതാണ്. ആ സാമാനങ്ങൾ കൂടുതൽ കുറവായിട്ടൊ ആവശ്യപ്പെടുന്നതുപൊലെ എല്പിക്കെണ്ടതാകുന്നു. ഉത്തരവു വരാതെയുള്ളതു സ്ഥിരപ്പെടുത്തുന്നതുപൊലെ ഉറപ്പുതരുന്നതിനു ഉടമ്പടി എഴുതി ഒപ്പിട്ടും തരെണ്ടതാകുന്നു.

൨. താതാതു തവണക്കുള്ള സാമാനങ്ങളെ ക്ഷെത്രത്തിലെ വലിയ കലവറയിൽ അതിലെക്കു നിശ്ചയിച്ചിരിക്കുന്ന സ്ഥലവാസ്ത്രം കൊണ്ടുചെന്നു കീഴ് നടപ്പു അനുസരിച്ചു അളന്നും തൂക്കിയും എണ്ണിയും എല്പിച്ചു പ്രമാണം വാങ്ങിക്കൊള്ളണം. സാമാനങ്ങൾ എല്പിച്ചു തീർന്ന ഉടനെ അതിലെക്കുള്ള പണം വാങ്ങിച്ചുകൊള്ളെണ്ടതും കത്തക തീർന്ന ഡെപ്പാസിറ്റ് തിരികെ കൊടുക്കുന്നതും ആകുന്നു.

൩. ഏതെങ്കിലും സാമാനങ്ങളെ അവധിക്കു ശരിയായി എല്പിക്കാതെ ഇരിക്കുകയൊ കത്തകക്കാരന്റെ വീഴ്ചയിനാലൊ വല്ല തകരാറുകളും വരുത്തുകയൊ ചെയ്താൽ അതിൽ വച്ചു ഉണ്ടാകുന്ന നഷ്ടത്തിനു കത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതാണ്. ഇതു സംബന്ധമായി ഉണ്ടാകുന്ന നഷ്ടത്തിനു ഡെപ്പാസിറ്റ് പുറമെ സ്ഥാവരജംഗമ വസ്തുവിലും പ്രവെശിച്ചു ശെഷം എല്പിക്കാനുള്ള സാമാനങ്ങൾ എല്ലാം കത്തിച്ചൊ ഇഷ്ടത്തിനാകി വെറെ ലെലം വിളിപ്പിച്ചു കൊടുക്കുന്നതും ലെലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ ഇഷ്ടംപൊലെ ആയിരിക്കയും ചെയ്യും. എന്നു

൧൦൬൫-ാമാണ്ടു ചിങ്ങമാസം ൧൭-ാം൹

ദിവാൻപെഷ്കാർ പത്മനാഭൻ ശങ്കരൻ,
പകരം ആ: അസിസ്റ്റന്റ,
കെ. അനന്തനാരായണയ്യൻ.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കൊട്ടയം താലൂക്കിൽ പള്ളത്തു ഊട്ടിൽവച്ചു ൧൦൮൫ാമാണ്ടു കന്നിമാസം ൧൦-ാം തീയതി ഒരു ദിവസത്തെക്കു നടത്തിപ്പാനുള്ള കിഴക്കുവശം അനിഴം പട്ടത്താനം പ്രമാണിച്ചു മാമ്പള്ളി പണ്ടാരത്തിലെ യാത്രക്കു വെണ്ട കൊപ്പുകൾ കുത്തകയായി ഏല്പിക്കുന്നതിന ചിങ്ങമാസം ൨൦-ാം-കൊട്ടയം താലൂക്കിലും ൨൧-ാം-ഡിവിഷൻ കച്ചേരിയിലും വച്ചു ലേലം ചെയ്യുന്നതിന നിശ്ചയിച്ചിരിക്കുന്നു. മനസ്സുള്ളവർ ഹാജരായി വിളികെൾക്കാവുന്നതാകുന്നു. ലേലത്തിൽ ചേരുന്നതിന അനുവദിക്കപ്പെടുന്നതിന കരുതൽ തുക ഏല്പിക്കുന്നവരിടെ സൎക്കാരിലെ യുക്തംപൊലെ ഗാരന്റി അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തി എട്ടിൽ ഒരുഭാഗം ഡെമണിയും ലേലക്കാരന്റെ ചിലവിന്മേൽ ഉടമ്പടിയും എഴുതിച്ചു കുത്തക കൊടുത്തു നടത്തിക്കുന്നതും അടിയന്തിരം കഴിഞ്ഞു കണക്കു തീൎപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിന ഡെമണി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരിടെ തുക അവർ കുത്തകയുടെ ഉറപ്പിന വെച്ചുകൊണ്ട ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശെഷംപേരിടെ ഡെമണി ഉടൻ തിരിയെ കൊടുക്കയും ചെയ്യുന്നതാണ. ലേലത്തിന പിടിച്ചതിന ശെഷം ഉടമ്പടി മുതലായതു വെക്കാതെയൊ ഉടമ്പടി വച്ചതിന്റെ ശെഷം അതിലെ താല്പൎയ്യപ്രകാരം ശരിയായി നടക്കാതെയൊ ഇരുന്നാൽ ഡെമണി വച്ചിട്ടുള്ള സംഖ്യ പ്രായശ്ചിത്തമായി മുതൽകൂട്ടിക്കുന്നതു കൂടാതെ വെറെ വിധം ഏൎപ്പാടുചെയ്തു നടത്തിക്കുന്നതിൽവച്ചു ഉണ്ടാകുന്ന സകല നഷ്ടങ്ങളും കരക്കടിശ്ശിഖപൊലെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ

൧൦൮൪ാമാണ്ടു കൎക്കടകമാസം ൩൧-ാം-

ദിവാൻപെഷ്കാർ പത്മനാഭൻ ശങ്കരൻ,
പകരം അസിസ്റ്റന്റ കെ. അനന്തനാരായണയ്യൻ.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വലിയതമ്പുരാൻ തിരുമനസ്സിലെ മൂലം ആട്ടത്തിരുനാൾ പ്രമാണിച്ചു ൧൦൮൫ാമാണ്ടു കന്നിമാസം ൧൦-ാം-തുറവൂർ ക്ഷെത്രത്തിൽ വച്ചു നടത്തെണ്ട വഴിപാടു വകക്കു വെണ്ടകൊപ്പുകൾ കുത്തകയായി ഏല്പിക്കുന്നതിനു ൧൦൮൫ വരുന്ന ചിങ്ങമാസം ൨൦-ാം-ചെൎത്തല താലൂക്കിലും ൨൧-ാം-ഡിവിഷൻ കച്ചേരിയിലും വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ ഹാജരായി വിളികെൾക്കാവുന്നതാകുന്നു. ലേലം സ്ഥിരപ്പെട്ട ഉടനെ കുത്തക വിലയിൽ എട്ടിലൊരുഭാഗം ഡെമണിയും ഉടമ്പടിയും വെക്കെണ്ടതാണ. സാമാനങ്ങൾ ഏൎപ്പാടുപ്രകാരം എണ്ണിയും തൂക്കിയും അളന്നും ക്ഷെത്രത്തിൽ കൊണ്ടുചെന്നു ഏല്പിക്കണം. അടിയന്തിരം കഴിഞ്ഞു കണക്കു തീൎത്തു പണം കൊടുക്കുന്നതാണ. ഏതെങ്കിലും സാമാനങ്ങൾ ശരിയായി ഏല്പിക്കാതെയിരിക്കയൊ കുത്തകക്കാരന്റെ നടപടി പിശകിനാൽ വല്ല തകരാറുകൾക്കും ഇടവരികയൊ ചെയ്താൽ അതിൽ വച്ചു ഉണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയാണ. സാമാനങ്ങളുടെ വിവരം താലൂക്കിലൊ ഡിവിഷൻ കച്ചേരിയിലൊ ചൊദിച്ചാൽ പറഞ്ഞു കൊടുക്കുന്നതും ആകുന്നു ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപൊലെ ആയിരിക്കയും ചെയ്യും.

൧൦൮൪ ആടി ൩൧-ാം-

ദിവാൻപെഷ്കാർ പത്മനാഭൻ ശങ്കരൻ
പകരം ആ: അസിസ്റ്റന്റ
കെ. അനന്തനാരായണയ്യൻ.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽനിന്നും ചെയ്യുന്ന പരസ്യം എന്തെന്നാൽ

൧. ചെൎത്തല ക്ഷെത്രത്തിൽവച്ചു കീഴിലെ പതിവുപൊലെ ൧൦൮൫ വരുന്ന കന്നിമാസം ൧൦-ാം-വലിയ തമ്പുരാൻ തിരുമനസ്സിലെ മൂലം ആട്ടത്തിരുനാൾ അടിയന്തിരം പ്രമാണിച്ചു ടി ക്ഷെത്രത്തിൽവച്ചു നടത്തെണ്ട വഴിപാടുകൾക്കു ചിലവുള്ള വിരുത്തി കൊപ്പു വെഞ്ജനം ഇതുകൾ കുത്തകയായി ഏല്പിക്കുന്നതിനു ആൾ ഏല്പെടെണ്ടതിലെക്കു ചിങ്ങമാസം ൨൦-ാം-താലൂക്കിലും ൨൧-ാം-കച്ചേരിയിലും വച്ചു ലേലം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ ഹാജരായി വിളികെൾക്കാമെന്നുള്ളതാകുന്നു.

൫. ലേലത്തിൽ ചേരുവാൻ മനസ്സുള്ളവർ ഒരോ ഉരുപ്പടിക്കും അഞ്ചു രൂപാ വീതം ഡെപ്പാസിറ്റു വെക്കേണ്ടതും അപ്രകാരം വെക്കാതെ യാതൊരാളെയും ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതല്ലാത്തതും ആകുന്നു.

൬. മേൽപ്രകാരം ഡെപ്പാസിറ്റു വെക്കുന്നവരിൽ ലേലം സ്ഥിരപ്പെട്ട ആളിനെ ഒഴിച്ചു മറ്റുള്ളവർ വെച്ചിട്ടുള്ള ഡെപ്പാസിറ്റു തുക ഉടൻ മടക്കി കൊടുക്കുന്നതും സ്ഥിരപ്പെട്ട ആളിനെക്കൊണ്ടു കരാറു ശരിയായി നടത്തുമെന്നുള്ള ഉറപ്പിനുവേണ്ടി ലേലം സ്ഥിരപ്പെട്ട സംഖ്യയിൽ എട്ടിലൊരു ഭാഗം ഡെമാനി കെട്ടിവച്ചു ഉടമ്പടി എഴുതിക്കുന്നതും അദ്ദേഹം വച്ചിട്ടുള്ള ഡെപ്പാസിറ്റു രൂപാ അഞ്ചും അതിൽ ചേൎത്തു കണക്കാക്കുന്നതും ലേലം ഫയിസൽ പ്രകാരം സ്ഥിരപ്പെടുത്തുന്നതും ആകുന്നു.

൭. ലേലം സ്ഥിരപ്പെട്ടതിൻ്റെശേഷം ഡെമാനി കെട്ടിവച്ചു ഉടമ്പടി കൊടുക്കാതെയിരുന്നാൽ ഡെപ്പാസിറ്റു വച്ചിട്ടുള്ള സംഖ്യ പിഴയായി സൎക്കാരിലേക്കു മുതൽക്കൂട്ടുന്നതു കൂടാതെ ആവൎത്തിച്ചു ലേലം വിളിക്കുന്നതിൽ വച്ചു വല്ല നഷ്ടവും സംഭവിക്കുന്നതു ആയതിനു ബാധ്യത ആദ്യലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും രണ്ടാമത്തെ ലേലത്തിൽ വല്ല ആദായവും ഉണ്ടാകുന്നതായാൽ ആയതിലേക്കു ആദ്യലേലക്കാരനു അവകാശം ഇല്ലാത്തതും ആകുന്നു.

൮. തൊപ്പുകൾ ഇനം തിരിച്ചു പ്രത്യേകം പ്രത്യേകമായോ ഒന്നായിട്ടോ ലേലം വിളിക്കുന്നതാകുന്നു.

൯. ഈ വക സാമാനങ്ങൾ അതിനെ നിശ്ചയിച്ചിരിക്കുന്ന ദിവസം തന്നെ ചെത്തല ദേവസ്വം കലവറയിൽ എണ്ണിയും തൂക്കിയും തരുന്നം ഏല്പിച്ചു പതിച്ചു വാങ്ങേണ്ടതും അടിയന്തിരം കഴിഞ്ഞു കണക്കു തീൎത്തു പണം കൊടുക്കുന്നതും ആകുന്നു.

൰. സാമാനങ്ങൾ ശരിയായും സമയത്തും ഏല്പിക്കാതിരുന്നു വീഴ്ച വരുത്തുന്നതായാൽ എട്ടിലൊരു ഭാഗം വച്ചിട്ടുള്ള ഡെമാനി സൎക്കാരിലേക്കു മുതൽക്കൂട്ടുന്നതുകൂടാതെ വീഴ്ചയിനാൽ സംഭവിക്കുന്ന നഷ്ടം മുതലായ നടപടി നടത്തി ഈടാക്കുന്നതും ആകുന്നു. സാമാന വിവരം ഈ കച്ചേരിയിലോ താലൂക്കു കച്ചേരിയിലോ ഹാജരായി ബോധിപ്പിച്ചാൽ കാണിച്ചു കൊടുക്കുന്നതാകുന്നു എന്നു

൧൦൮൧-മാണ്ടു ആടിമാസം ൩൦-നു ദിവാൻപേഷ്കാർ പത്മനാഭൻ ശങ്കരൻ,

പകരം ആക്ടിംഗ് അസിസ്റ്റൻ്റു കെ. അനന്തനാരായണയ്യൻ

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കൊട്ടയം താലൂക്കിൽ ചെറിയ പള്ളത്തു ഊട്ടിൽ വച്ചു ൧൦൮൨-മാണ്ടു തുലാമാസം ൩-നു ഒരു ദിവസത്തെക്കു നടത്തിപ്പാനുള്ള ഏറ്റുമാനൂർ ആറാട്ടുവേലക്കു പട്ടാഴിയും പ്രമാണിച്ചു മാറ്റിട്ടുള്ള പണ്ടാരത്തിലെ യാത്രക്കുവേണ്ട കൊപ്പുകൾ കരാറായി ഏല്പിക്കുന്നതിനു ചിങ്ങമാസം ൨൫-നു കൊട്ടയം താലൂക്കിലും ൨൭-നു ഈ കച്ചേരിയിലും വച്ചു ലേലംചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഒരോരുത്തരും രണ്ടു രൂപാ വീതം ഡെമാനി വെക്കാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ല. കുറഞ്ഞ തുകക്കു ഏല്പിക്കുന്നവരുടെ പേൎക്കു സൎക്കാരിലെ യുക്തംപോലെ ഗവൎമ്മെൻ്റു ഉത്തരവുപ്രകാരം ലേലം സ്ഥിരപ്പെടുത്തി എട്ടിൽ ഒരു ഭാഗം ഡെമാനിയും ലേലക്കാരനോ പിലവിന്മേൽ ഉടമ്പടിയും വെപ്പിച്ചു കരാറു കൊടുത്തു നടത്തിക്കുന്നതും അടിയന്തിരം കഴിഞ്ഞു കണക്കു തീൎപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിനു ഡെമാനി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരുടെ തുക അവർ കരാറിൻ്റെ ഉറപ്പിനു വേണ്ടി ഡെമാനിക്കു ഉപയോഗപ്പെടുത്തുകയും ശേഷം പേരുടെ ഡെമാനി ഉടനടി മടക്കി കൊടുക്കയും ചെയ്യുന്നതാണ്. ലേലത്തിനു പിടിച്ചതിനുശേഷം ഉടമ്പടി മുതലായതു വെക്കാതെയോ ഉടമ്പടി വച്ചതിൻ്റെ ശേഷം അതിലെ താല്പൎയ്യപ്രകാരം ശരിയായി നടത്താതെയോ ഇരുന്നാൽ ഡെമാനി വച്ചിട്ടുള്ള സംഖ്യ പ്രായശ്ചിത്തമായി മുതൽക്കൂട്ടുന്നതുകൂടാതെ വേറെ വിധം ഏൎപ്പാട ചെയ്തു നടത്തിക്കുന്നതിൽ വച്ചു ഉണ്ടാകുന്ന സകല നഷ്ടങ്ങളും കരകുടിശിഖപോലെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ.

൧൦൮൧ ആടി ൨൭-നു

ദിവാൻപേഷ്കാർ പത്മനാഭൻ ശങ്കരൻ.

പകരം ആ. അസിസ്റ്റൻ്റു കെ. അനന്തനാരായണയ്യൻ.

നമ്പർ ൩൨൭.

നെടുമങ്ങാട്ടു ൨-ാം ക്ലാസ്സ മജിസ്ത്രേട്ടു കോടതിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൯൭-ാമാണ്ടത്തെ ൩-ാം റിഗുലേഷനിലെയും അതനുസരിച്ച ൧൦൯൭-ാമാണ്ട കക്കടകമാസം ൧൫-ാം ... പ്രകാരം ഹൈക്കോടതിയിൽ നിന്നും ഏർപ്പെടുത്തിയിട്ടുള്ള റൂൾസിലെയും നിബന്ധനകളിൻ പ്രകാരം നെടുമങ്ങാട്ടു ൨-ാം ക്ലാസ്സ മജിസ്ത്രേട്ടു കോടതിയിലെ താഴെ വിവരിക്കുന്ന റിക്കാർട്ടുകളെ നശിപ്പിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു ജനസമുദായത്തിന്റെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മേൽപ്രകാരമുള്ള ... നോട്ടീസ് സക്കാർ ഗസററിൽ പ്രസിദ്ധം ചെയ്യുന്ന തീയതി മുതൽ ... മാസം കഴിഞ്ഞാൽ ഉടനെയും ... മേൽ റിക്കാർട്ടുകളെ ... മാസം കഴിഞ്ഞാൽ ഉടനെയും നശിപ്പിക്കുന്നതാകകൊണ്ടു അവയിൽ ആധാരങ്ങളെ തിരികെ വാങ്ങിപ്പാൻ അവകാശമുള്ള കക്ഷികളും മേൽ റിക്കാർട്ടുകളുടെ പകർപ്പു കിട്ടണമെന്നു അപേക്ഷയുള്ളവരും മേല്പറഞ്ഞ അവധിക്കകം അപേക്ഷിച്ചു വാങ്ങിക്കൊള്ളേണ്ടതാകുന്നു.

൧൦൯൮-ാമാണ്ടു ആടിമാസം ൨൦-

൨-ാം ക്ലാസ്സ മജിസ്ത്രേട്ട് വി. താണു പിള്ള.

ആണ്ടു	ഫൈസലായുള്ള കേസ്സുകളുടെ നമ്പരുകൾ	നശിപ്പിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ട റിക്കാർട്ടുകളുടെ വിവരം	റിമാർക്ക
൧൦൯൯	[illegible] വരെയും നമ്പർ കേസ്സുകൾ.	റൂൾസിലെ ൨-ാം വകുപ്പുപ്രകാരം സൂക്ഷിക്കേണ്ടതാവശ്യമില്ലാത്തതായ അന്യായ ഹർജികൾ ... പ്രതിഭാഗത്തിലെ ... മുതലായവ	കക്ഷികൾ ഹാജരാക്കിയിരിക്കുന്ന ... കോടതിയിലേക്കും ... തിരികെ ... കൊടുക്കുന്നതാകുന്നു
൧൦൯൮	[illegible] വരെയും നമ്പർ കേസ്സുകൾ.		
	൧൦൯൩-ാമാണ്ടു മുതൽ ൧൦൯൭-ാമാണ്ടു വരെയുള്ള റിപ്പോർട്ടുകളിലെ ... ഒഴികെയുള്ള മററു റിക്കാർട്ടുകളും ... ഒഴികെയുള്ള മററു പുസ്തകങ്ങളും.		

൧൦൮൧-ാമാണ്ടു വക സിവിൽ സർക്കുലർ നമ്പർ ൨൩

തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നും ൧൦൮൧-ാമാണ്ടു ഇടവമാസം ൧൦-ാം൹ ഉണ്ടായ പ്രൊസീഡിംഗ്സ്.

സിവിൽ കേസുകളിലെ റിക്കാർട്ടുകളുടെ പകൎപ്പു കിട്ടുന്നതിനു വേണ്ടി ആയതിലെ കക്ഷികളൊ അവരുടെ വക്കീലന്മാരൊ അല്ലാതെ മറ്റു പലരും അപേക്ഷിക്കുന്നതായാൽ ആ വക അപേക്ഷകളെ കോർട്ടുഫീസു റെഗുലേഷൻ ൨-ാം പട്ടികയിലെ ൧൩-ാം പിരിവു നമ്പരിൽ ഉൾപ്പെട്ട പലവക ഹർജികളായി വിചാരിക്കേണ്ടതാകുന്നു. ആ വകകൾ ആ പട്ടികയിലെ ൧൦-ാം പിരിവു നമ്പരിൽ ചെന്നവയായി വിചാരിക്കാൻ പാടില്ല.

ഉത്തരവിൻപ്രകാരം
പി. സി. വള്ളിനായകംപിള്ള
രജിസ്ട്രാർ

൧൦൮൧-ാമാണ്ടു വക സിവിൽ സർക്കുലർ നമ്പർ ൨൪

തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നും ൧൦൮൧-ാമാണ്ടു ഇടവമാസം ൧൦-ാം൹ ഉണ്ടായ പ്രൊസീഡിംഗ്സ്.

സത്യത്തിന്മേൽ കേസു തീർച്ചപ്പെടുത്താമെന്നുള്ള സമ്മതത്തെ ചില കോടതികൾ കോർട്ടുഫീസു റെഗുലേഷനിൽ ചേർത്തിട്ടുള്ള ൨-ാം പട്ടികയിലെ ൧൩-ാം നമ്പർ പിരിവിൽ ഉൾപ്പെട്ട പലവക ഹർജികളായി വിചാരിച്ചുവരുന്നു എന്നു ഹൈക്കോടതി അറിയുന്നു. ഇപ്രകാരമുള്ള സമ്മതം കോടതിമുമ്പാകെ കൊടുക്കുന്ന മൊഴികളാകയാൽ അവയെ രാജി ഹർജികളിൽനിന്നും വ്യത്യസ്തപ്പെടുത്തേണ്ടതും അവകൾക്കു കോർട്ടുഫീസു ചുമത്താൻ പാടില്ലാത്തതുമാകുന്നു.

ഉത്തരവിൻപ്രകാരം
പി. സി. വള്ളിനായകംപിള്ള
രജിസ്ട്രാർ

൧൦൮൧-ാമാണ്ടു വക സിവിൽ സർക്കുലർ നമ്പർ ൨൫

തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നും ൧൦൮൧-ാമാണ്ടു ഇടവമാസം ൧൦-ാം൹ ഉണ്ടായ പ്രൊസീഡിംഗ്സ്.

പ്രൊസസ്സു നടത്തേണ്ടും ചട്ടങ്ങളിൽ വിവരിച്ചിട്ടുള്ള ൭ രജിസ്റ്ററിൽ ൩-ാം ബണ്ഡത്തിനു ശേഷം പുതുതായി ഒരു ൪-ാം ബണ്ഡം വരച്ചു അതിനു "പ്രൊസസ്സിന്റെ തുടർച്ച നമ്പർ" എന്നു തലവാചകം എഴുതുകയും ഇപ്പോൾ ൪ മുതൽ ൧൦ വരെ എന്നു നമ്പരിട്ട ബണ്ഡങ്ങളെ ൫ മുതൽ ൧൧ വരെ എന്നു ക്രമം നമ്പരിട്ടു ഭേദപ്പെടുത്തുകയും ചെയ്യണമെന്നു ഹൈക്കോടതി ആജ്ഞാപിക്കുന്നു.

ഉത്തരവിൻപ്രകാരം
പി. സി. വള്ളിനായകംപിള്ള
രജിസ്ട്രാർ

൧൦൮൧-ാമാണ്ടു വക സിവിൽ സർക്കുലർ നമ്പർ ൨൬

തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നും ൧൦൮൧-ാമാണ്ടു ഇടവമാസം ൧൦-ാം൹ ഉണ്ടായ പ്രൊസീഡിംഗ്സ്.

സ്മാൾകാസ് കേസിൽ പ്രതിയെ പിടിക്കാനുള്ള വാറണ്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവധി നീട്ടുകയൊ പ്രതിയെ മോചനത്തിൽ നിർത്തുകയൊ ചെയ്യുന്ന വിഷയങ്ങളിൽ, സ്മാൾകാസ് കേസിൽ പാതി ഫീസു മാത്രമെ ചുമത്താൻ പാടൊള്ളു എന്നും ചുരുക്കത്തിൽ വരുന്ന ഭിന്നതുകയെ വിട്ടുകളയേണ്ടതാണെന്നും പ്രൊസസ്സു നടത്തു റൂൾസിലെ ൬൩-ാം വകുപ്പിന്റെ ഒടുവിൽ ചെയ്തിരിക്കുന്ന നിബന്ധനയെ അടിസ്ഥാനമാക്കി ചില കോടതികളിൽ ദിവസം ഒന്നുക്കു ൨ ചക്രം വീതമുള്ള പ്രൊസസ്സു ഫീസു മാത്രം വസൂലാക്കി വരുന്നതായി ഹൈക്കോടതിയുടെ അറിവിൽ പെട്ടിരിക്കുന്നു. ൬൩-ാം വകുപ്പിലെ നോട്ടു റൂൾസിൽ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്ന പ്രൊസസ്സിനെ മാത്രം സംബന്ധിക്കുന്ന സ്ഥിതിക്കു ദിവസപ്പടിയുള്ള പ്രൊസസ്സു ഫീസു ഈടാക്കേണ്ടതായിവന്നാൽ അതിനു ശിപായിമാരുടെ സംഗതിയിൽ മേപ്പടി റൂൾസിലെ ൧൫-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുംപ്രകാരം ൭ ചക്രവും, ആമീൻമാരുടെ സംഗതിയിൽ ൧൦൭൯-ാമാണ്ടു വക ൧൭-ാം നമ്പർ സിവിൽ സർക്കുലരിൽ വ്യവസ്ഥചെയ്തിരിക്കുംപ്രകാരം ൧൦ ചക്രവും വസൂലാക്കേണ്ടതാണ്.

ഉത്തരവിൻപ്രകാരം
പി. സി. വള്ളിനായകംപിള്ള
രജിസ്ട്രാർ

൧൦൮൬-ാമാണ്ടു വക സിവിൽ സക്കുലർ നമ്പർ ൯൦.

തിരുവിതാംകൂർ ഹൈക്കൊടതിയിൽ നിന്നും ൧൦൮൬-ാമാണ്ടു ഇടവമാസം ,൨൮-ാം ഉണ്ടായ പ്രൊസീഡിംഗ്സ്

ഒരു വിധിനടത്തിൽ പല തരത്തിൽ ഉള്ള ജംഗമമൊ സ്ഥാവരമൊ ആയ വസ്തുക്കളെ ഒരെ സമയം ജപ്തിചെയ്യുന്നതിനു അപെക്ഷിക്കുമ്പോൾ ചില കൊടതികളിൽ ഓരൊ കരയിലുമുള്ള വസ്തുക്കളെ സംബന്ധിച്ചു വിധിത്തുകയിന്മെൽ പ്രത്യെകം പ്രത്യെകം പ്രൊസസ്സ പീസ ഈടാക്കി വസൂൽചെയ്തു വരുന്നതായി ഹൈക്കൊടതിയുടെ അറിവിൽ പെട്ടിരിക്കുന്നു. ഇതു ൧൦൭൯-ാമാണ്ടു വക ൨൭-ാം നമ്പർ സിവിൽ സക്കുലരിലെ നിബന്ധനകളെ തെറ്റായി ധരിച്ചിരിക്കുന്നതുകൊണ്ടാണെന്നു കാണുന്നു. സക്കുലരിൽ എടുത്തു പറഞ്ഞിട്ടുള്ളതും, പ്രൊസസ്സ പീസു ടേബിൾ പട്ടികയിൽ മൂന്നാമത്തെ പിരിവായി ചെർത്തിരിക്കുന്നതുമായ "ജപ്തി ഉത്തരവും" എന്നുള്ള "ജപ്തി ഉത്തരവു" അല്ല, ജപ്തി ഉത്തരവിനു മെല്പറഞ്ഞ പട്ടികയിലെ രണ്ടാമത്തെ പിരിവിൽ വ്യവസ്ഥചെയ്തിട്ടുണ്ടു. പട്ടികയിൽ ക്ലിപ്തമായ പീസ ഏർപ്പെടുത്തപ്പെട്ട പ്രൊസസ്സുകളുടെ സംഗതിയിൽ മാത്രമെ കരതൊറും പ്രത്യെകമായെന്നുള്ള കാരണത്തിന്മെൽ കൂടുതൽ പീസു വസൂൽ ചെയ്യാവു എന്നു സ്പഷ്ടമായി മനസ്സിലാക്കെണ്ടതാകുന്നു. പട്ടികയിലെ രണ്ടാമത്തെ പിരിവലും മൂന്നാമത്തെ പിരിവിന്റെ ഒന്നാമത്തെ ഭാഗത്തും വ്യവസ്ഥചെയ്തിരിക്കുന്ന "ജപ്തി ഉത്തരവിന്റെയും "വസ്തു കൈവശപ്പെടുത്തികൊടുക്കാനുള്ള ഉത്തരവിന്റെയും സംഗതിയിൽ എന്നപൊലെ വില അനുസരിച്ചു അതായതു വിധിയുടെയൊ അന്യായത്തിന്റെയൊ തുകയിന്മെൽ പ്രൊസസ്സ പീസു വസൂൽ ചെയ്യെണ്ടതായിവരുമ്പോൾ ജപ്തി ചെയ്യുന്നതിനൊ കൈവശപ്പെടുത്തികൊടുക്കുന്നതിനൊ ഒരെ സമയം അപെക്ഷിക്കപ്പെട്ട വസ്തുക്കൾ പലകരകളിൽ കിടക്കുന്നു എങ്കിലും കൂടുതൽ പീസു വസൂൽചെയ്യെണ്ടതല്ലാ

ഉത്തരവിൻപ്രകാരം

പി. സി. വള്ളിനായകംപിള്ള

രജിസ്ട്രാർ.

൧൦൮൬-ാമാണ്ടു വക സിവിൽ സക്കുലർ നമ്പർ ൯൧.

തിരുവിതാംകൂർ ഹൈക്കൊടതിയിൽ നിന്നും ൧൦൮൬-ാമാണ്ടു ഇടവമാസം ,൨൮-ാം ഉണ്ടായ പ്രൊസീഡിംഗ്സ്.

ചില കൊടതികളിൽ അന്യന്മാരുടെ കൈവശമുള്ള കടങ്ങളെ ജപ്തിചെയ്യുന്നതിനു അപെക്ഷിക്കുമ്പോൾ അതിലെക്കു സംബന്ധിക്കപ്പെട്ട കക്ഷികളുടെമെൽ നൊട്ടീസുകൾ നടത്തുന്നതിനു വില അനുസരിച്ചുള്ള ജപ്തി പീസിനു പുറമെ, പ്രത്യെക പ്രൊസസ്സ പീസു വസൂൽ ചെയ്തുവരുന്നതായി ഹൈക്കൊടതിയുടെ അറിവിൽ പെട്ടിരിക്കുന്നു ഇങ്ങനെയുള്ള കെസുകളിൽ ജപ്തിനടത്തുന്നതിനു നൊട്ടീസു നടത്തുന്ന നടപടിമാത്രം. സിവിൽ നടപടിനിയമത്തിന്റെ ൨൬൫-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്കു, പ്രൊസസ്സ പീസു പട്ടികയിലെ രണ്ടാമത്തെ പിരിവിൽ വ്യവസ്ഥചെയ്തിരിക്കുന്ന ക്രമം അനുസരിച്ചുള്ള ജപ്തിപീസുമാത്രം വസൂൽ ചെയ്താൽ മതിയാവുന്നതാകുന്നു ഇങ്ങനെയുള്ള പ്രൊസസ്സുകൾ നടത്തുന്നതിനായി കൂടുതൽ പ്രൊസസ്സ പീസു വസൂൽ ചെയ്യുന്ന നടപ്പു എവിടെ എങ്കിലും ഉണ്ടെങ്കിൽ അതിനെ നിറുത്തൽ ചെയ്യെണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം

പി. സി. വള്ളിനായകംപിള്ള

രജിസ്ട്രാർ.

൧൦൮൬-ാമാണ്ടു വക സിവിൽ സക്കുലർ നമ്പർ ൯൨.

തിരുവിതാംകൂർ ഹൈക്കൊടതിയിൽ നിന്നും ൧൦൮൬-ാമാണ്ടു ഇടവമാസം ൧൦-ാം ഉണ്ടായ പ്രൊസീഡിംഗ്സ്.

ഒരു കൊടതിയിൽ കെട്ടിവയ്ക്കപ്പെട്ടതൊ അല്ലാ ഒരു കൊടതിയുടെയൊ ഒരു ഉദ്യൊഗസ്ഥന്റെയൊ ആധീനത്തിൽ ഇരിക്കുന്നതൊ ആയ വിധികടക്കാരന്റെ വകയായുള്ള പണമൊ മറ്റു വസ്തുവൊ ജപ്തിചെയ്യുമ്പോൾ ചില കൊടതികളിൽ വിധികടക്കാരനു നൊട്ടീസു അയക്കുന്നതിലെക്കായി തുകക്രമം അനുസരിച്ചുള്ള ജപ്തിപീസിനു പുറമെ ഒരു പ്രൊസസ്സ പീസു വസൂൽ ചെയ്തു വരുന്നതായി ഹൈക്കൊടതിയുടെ അറിവിൽ പെട്ടിരിക്കുന്നു, ഇങ്ങനെയുള്ള സംഗതികളിൽ വിധികടക്കാരനു യാതൊരു നൊട്ടീസും അയക്കണമെന്നു സിവിൽ നടപ്

ടിറിയമത്തിന്റെ മൂന്നാം വകുപ്പിനാൽ ആവശ്യപ്പെട്ടിട്ടില്ലാത്തസ്ഥിതിക്ക അപ്രകാരമുള്ള നൊട്ടീസു അയക്കെണ്ടതു അവശ്യമില്ലെന്നും അതിലെക്കായി വാദി ഉടമസ്ഥന്റെ പക്കൽ നിന്നും പ്രൊസസ്സ ഫീസു വസൂൽ ചെയ്യെണ്ടതല്ലെന്നും ഹൈക്കൊടതി അനുജ്ഞാപിക്കുന്നു.

ഉത്തരവിൻപ്രകാരം

പി. സി. വല്ലീനായകംപിള്ള

രജിസ്ത്രാർ.

൧൦൮൨-മാണ്ടു വക സിവിൽ സൎക്കുലർ നമ്പർ ൪൮.

തിരുവിതാംകൂർ ഹൈക്കൊടതിയിൽ നിന്നും ൧൦൮൨-മാണ്ടു ചിങ്ങമാസം ൧൫-ാം തീയതി ഉണ്ടായ പ്രൊസീഡിംഗ്സ.

ചില കൊടതികളിൽ വക്കീലന്മാരുടെ പെർ വിവരം മുതലായതുകളുടെ ക്രമമായ ഒരു ലിസ്തു വച്ചിട്ടില്ലെന്നും മറ്റു കൊടതികളിൽ വച്ചിട്ടുള്ളവ ഒന്നുപോലെ ഇരിക്കുന്നില്ലെന്നും ഹൈക്കൊടതിയുടെ അറിവിൽ പെട്ടിരിക്കുന്നതിനാൽ വക്കീലന്മാരുടെ വകയുള്ള ലിസ്തിനു താഴെ ചെൎത്തിരിക്കുന്ന ഫാറം ഹൈക്കൊടതിയിൽ നിന്നും ഏൎപ്പെടുത്തുകയും അതിനെ എല്ലാ കൊടതികളും ഉപയൊഗിക്കെണ്ടതാണെന്നു അനുജ്ഞാപിക്കയും ചെയ്യുന്നു. ഓരൊ കൊടതിയിലും ഇപ്പോൾ ഉള്ള വക്കീലന്മാരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉടനെതന്നെ എഴുതുകയും പുതുതായി ചെരുന്ന വക്കീലന്മാരെ സംബന്ധിച്ചു ക്രമമായി പുസ്തകം വെക്കെണ്ടതുമാകുന്നു.

ഉത്തരവിൻപ്രകാരം

പി. സി. വല്ലീനായകംപിള്ള,

രജിസ്ത്രാർ

.............................കോടതിയിൽ.......................വക്കീലന്മാരുടെ ലിസ്റ്റ്.

൧	ഇരട്ടപ്പേര്	
൨	അച്ഛന്റെയോ കാരണവന്റെയോ പേര്	
൩	സ്ഥിരമായ വാസസ്ഥലത്തിന്റെ പൂർണ്ണമായ വിവരം	
൪	ജനിച്ച തിയതി	
൫	ജയിച്ചിട്ടുള്ള പരീക്ഷകളും അതുകളുടെ ഫലങ്ങളെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഗസററിന്റെ ആണ്ടുകളും വശങ്ങളും	
൬	മുമ്പു ഗവമെന്റു ജീവനങ്ങളും ഉണ്ടായിരുന്നു എങ്കിൽ സ്ഥലം ജീവനപ്പേര് ശമ്പളം ജീവനത്തിന്റെ ആരംഭം അവസാനം അതുകൾ ഒഴിയുന്നതിനുള്ള സംഗതികൾ ഇതുകളുടെ പൂർണ്ണമായ വിവരങ്ങൾ	
൭	ആദ്യം വക്കീലായി നിയമിച്ച ആണ്ട മാസം തീയതി	
൮	ഇപ്പോൾ ഇരിക്കുന്ന കോടതിയിൽ നിയമിച്ച ആണ്ട മാസം തീയതി	
൯	മററു കോടതികളിൽ വക്കീലായിരുന്നതിന്റെയും കോടതികളുടെ പേരുകളും ഓരോ കോടതിയിലും വക്കീൽ വേല ആരംഭിച്ചതിന്റെയും അവസാനിച്ചതിന്റെയും അവസാനിക്കുന്നതിനുള്ള കാരണങ്ങളുടെയും മററും പൂർണ്ണ വിവരങ്ങൾ	
൧൦	മററു കോടതികളിൽ വക്കീൽ വേലയിലിരിക്കുമ്പോൾ ഉണ്ടായിട്ടുള്ള പ്രായശ്ചിത്തങ്ങൾ സസ്പെൻഡുകൾ റിമാക്കുകൾ വേറെ ശിക്ഷകൾ ഇതുകളുടെ ആണ്ട മാസം തിയതികളും പൂർണ്ണ വിരങ്ങളും	
൧൧	ഇപ്പോൾ ഇരിക്കുന്ന കോടതിയിൽ വക്കീൽ വേലയിലിരിക്കുമ്പോൾ ഉണ്ടായിട്ടുള്ള പ്രായശ്ചിത്തങ്ങൾ സസ്പെൻഡുകൾ റിമാക്കുകൾ മററു ശിക്ഷകൾ	
൧൨	വക്കീൽ വേല അവസാനിച്ച ആണ്ട മാസം തിയതി	
൧൩	അവസാനിക്കാനുള്ള കാരണങ്ങൾ	
൧൪	റിമാക്കുകൾ	

ഒരേവശമോ അധികമോ ആവശ്യപ്പെടുന്നപോലെ ഓരോ വക്കീലിനും ഉപയോഗപ്പെട ാവുന്നതാകുന്നു.

൧൦൮൨-ാമാണ്ടുവക സിവിൽ സർക്കുലർ നമ്പർ ൯൭.

തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നും ൧൦൮൨-ാമാണ്ടു ഇടവമാസം ൧൫-നു ഉണ്ടായ പ്രൊസീഡിംഗ്സ്

